# സുന്നത്തിന്റെ പ്രസക്തി

**ദീനുൽ** ഇസ്‌ലാമിന്റെ ദ്വിതീയ പ്രമാണമാണ് സുന്നത്ത്. പ്രഥമ പ്രമാണമായ ഖുർആന്റെ വ്യാഖ്യാനമാണത്. ഖുർആൻ കർമരൂപത്തിൽ തർജമ ചെയ്ത് ജനങ്ങളെ പഠിപ്പിക്കാൻ അല്ലാഹു നിയോഗിച്ച മുഹമ്മദ് മുസ്ത്വഫ(സ) സ്വ ജീവിതം കൊണ്ട് രചിച്ച ആധികാരികവും പ്രായോഗികവുമായ വ്യാഖ്യാനം.

അല്ലാഹുവാണ് സൃഷ്ടികളുടെ മഖ്‌സ്വദ്- ലക്ഷ്യം. എങ്കിൽ ആ ലക്ഷ്യത്തിലേക്കെത്താനുള്ള ഒരേയൊരു മാർഗമാണ് അല്ലാഹുവിന്റെ ദൂതൻ പഠിപ്പിച്ചുതന്ന ഖുർആൻ. 'അല്ലാഹുവിന്റെ ദൂതൻ പഠിപ്പിച്ച ഖുർആൻ' എന്നത് അടിവരയിട്ടറിയണം. ദൈവദൂതൻ അല്ലാത്തവർ പഠിപ്പിച്ചതോ സ്വയം പഠിച്ചെടുത്തതോ ആയ ഖുർആൻ അല്ല. സുന്നത്തിന്റെ വെളിച്ചത്തിലല്ലാതെ സാധുവായ ഖുർആൻ പഠനമില്ല. ഖുർആൻ അനുശാസിക്കുന്ന ധർമങ്ങളുടെ കർമരൂപം നിർണയിക്കുന്നത് സുന്നത്താണ്. ഖുർആൻ നേരിട്ട് പ്രസ്താവിച്ചിട്ടില്ലാത്ത വിഷയങ്ങളിൽ വിധി നൽകുന്നതും സുന്നത്ത് തന്നെ. ഖുർആൻ അല്ലാഹുവിനെ പ്രതിനിധീകരിക്കുന്നുവെങ്കിൽ സുന്നത്ത് റസൂലിനെ പ്രതിനിധീകരിക്കുന്നു. അല്ലാഹുവും റസൂലും രണ്ടു ചേരിയല്ല. ഖുർആനും സുന്നത്തും രണ്ടു വഴിയുമല്ല. ഒരേ വഴിയിലെ രണ്ടു റെയിലാണ്. ഒരേസമയം രണ്ടു റെയിലുകളിലും ചക്രം ഉരുളുമ്പോഴേ വാഹനം ലക്ഷ്യത്തിലേക്കു നീങ്ങൂ. പ്രവാചകനെ നിഷേധിച്ചുകൊണ്ട് അല്ലാഹുവിനെ പ്രാപിക്കാനാവില്ല, സുന്നത്തിനെ നിരാകരിച്ചുകൊണ്ട് ഖുർആനിനെ പിൻപറ്റാനും. സുന്നത്തിനെ തള്ളി ഖുർആനെ കൊള്ളുമ്പോൾ ഖുർആന്റെ അക്ഷരം സ്വീകരിക്കപ്പെടുകയും അർഥം തിരസ്കരിക്കപ്പെടുകയുമാണ്. രണ്ടിന്റെയും നിഷേധമാണ് ആകത്തുക.

സഫലമായ മർത്യജീവിതത്തിന് അല്ലാഹു അനുഗ്രഹിച്ചരുളിയ സമ്പൂർണ മാതൃകയാണ് മുഹമ്മദീയ ചര്യ. മുഹമ്മദ് നബി(സ)യുടെ ആദർശം ആ ജീവിതം തന്നെയായിരുന്നു. ആ ജീവിതത്തിന്റെ ഓരോ അനക്കവും അടക്കവും അദ്ദേഹം പ്രതിനിധാനം ചെയ്ത ആദർശത്തിന്റെ സ്പന്ദനങ്ങളായിരുന്നു. ആ സ്പന്ദനങ്ങളൊപ്പിയെടുത്ത പ്രവാചക ശിഷ്യന്മാർ പിന്മുറക്കു പ്രകാശം ചൊരിയാൻ സൂക്ഷിച്ചുവെച്ച മുത്തുകളാണ് ഹദീസുകൾ. ആ മുത്തുകളെ, അവയുടെ വെളിച്ചത്തെ അവഗണിക്കുന്നവർ പ്രവാചകനെ അറിയുന്നില്ല. ഇസ്‌ലാമിൽ ജീവിക്കുന്നുമില്ല.

ഇതാണ് സുന്നത്തിന്റെ പ്രസക്തിയും പ്രാധാന്യവും. ഈ പ്രസക്തിയും പ്രാധാന്യവും ഇടക്കാലത്ത് മുസ്‌ലിം സമൂഹം മറന്നുപോയിരുന്നു. ശരീഅത്ത് നിയമങ്ങളുടെ പഠനത്തിൽപോലും ഖുർആനിനേക്കാളും സുന്നത്തിനേക്കാളും പ്രാമുഖ്യം മദ്ഹബ് പണ്ഡിതന്മാരുടെ 'ഖാല'കൾക്കും 'ഖീല'കൾക്കുമായിത്തീർന്നു. ഒരറ്റത്ത് ഹദീസ് നിഷേധ പ്രവണതയും മറ്റേയറ്റത്ത് വ്യാജ ഹദീസുകളുടെ വ്യവസായവും വളർന്നുവന്നു. എണ്ണമറ്റ കെടുതികൾക്കാണ് ഇതവസരമൊരുക്കിയത്. സമൂഹഗാത്രത്തിൽ സുന്നത്തിന്റെ സ്ഥാനത്ത് ബിദ്അത്ത് – അന്ധവിശ്വാസങ്ങളും അനാചാരങ്ങളും – കുടിയേറിപ്പാർത്തതാണ് ഏറ്റവും വലിയ ദുരന്തം. ഹദീസുകൾ അവഗണിക്കപ്പെട്ടപ്പോൾ ഇസ്‌ലാമിക ധർമശാസ്ത്രത്തിന്റെ വളർച്ച മുരടിക്കുകയും അതിന് കാലത്തോടൊപ്പം സഞ്ചരിക്കാനാവാതെ വരികയും ചെയ്തുവെന്നതും മാരകമായ കെടുതിയാണ്.

മുഹമ്മദീയ ജീവിതം ഏറെ ചർച്ചചെയ്യപ്പെടുന്ന കാലമാണിത്. പടിഞ്ഞാറ് പ്രവാചകനിന്ദയുടെ കൊടുങ്കാറ്റടിച്ചു വീശിക്കൊണ്ടിരിക്കുകയാണ്. അതിനുമുമ്പിൽ പ്രകോപിതരായി ബഹളം കൂട്ടാനേ വിശ്വാസികൾക്ക് കഴിയുന്നുള്ളൂ. അവർ മുഹമ്മദ് നബിയെ വിശ്വസിക്കുന്നു, സ്നേഹിക്കുന്നു, ആദരിക്കുന്നു. പക്ഷേ അദ്ദേഹത്തിന്റെ ചര്യകൾ അറിയുന്നില്ല, അനുകരിക്കുന്നുമില്ല. പ്രവാചകചരിതവും അതിന്റെ യാഥാർഥ്യവും വിപുലമായി പ്രചരിപ്പിക്കപ്പെടേണ്ടതിന്റെ അനിവാര്യതയാണീ സാഹചര്യം ഇസ്‌ലാമിക പ്രവർത്തകരെ ഉണർത്തുന്നത്. കാലഘട്ടത്തിന്റെ ഈ വിളിക്ക് *പ്രബോധനം* നൽകുന്ന എളിയ ഉത്തരമാണീ സ്പെഷ്യൽ പതിപ്പ്. സുന്നത്തിന്റെ യാഥാർഥ്യം, പ്രാമാണികത, നിവേദനം, സമാഹരണം, ചരിത്രം, വ്യാജഹദീസുകളുടെ പ്രചാരം, ഹദീസ് സംശോധന തുടങ്ങി ഹദീസ് വിജ്ഞാനീയത്തിന്റെ – ഉലൂമുൽ ഹദീസ്- എല്ലാ വശങ്ങളും സാധാരണക്കാർക്ക് അനായാസം ഗ്രഹിക്കാവുന്ന ശൈലിയിൽ ചർച്ച ചെയ്യുന്ന ലേഖനങ്ങൾ ഇതിൽ ഉൾപ്പെടുത്താൻ ഞങ്ങൾ ശ്രമിച്ചിട്ടുണ്ട്. ഒപ്പം പൂർവികരും ആധുനികരുമായ പ്രമുഖ ഹദീസ് പണ്ഡിതന്മാരെയും ഗ്രന്ഥകാരന്മാരെയും ഗ്രന്ഥങ്ങളെയും പരിചയപ്പെടുത്തുകയും ചെയ്യുന്നു. അതതു വിഷയങ്ങളിൽ അവഗാഹമുള്ള പണ്ഡിതന്മാരാണ് ലേഖനങ്ങൾ തയാറാക്കിയിട്ടുള്ളത്. 2002-ൽ *പ്രബോധനം* ഖുർആൻ വിശേഷാൽ പതിപ്പ് പ്രസിദ്ധീകരിച്ചപ്പോൾ തന്നെ തുടർന്ന് ഇങ്ങനെയൊരു ഹദീസ് പതിപ്പ് കൂടി പ്രസിദ്ധീകരിക്കുക എന്ന ആശയം ഞങ്ങളുടെ മനസ്സിലുണർന്നിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇപ്പോഴത് യാഥാർഥ്യമായിരിക്കുകയാണ്. സുന്നത്തിനെ അടുത്തറിയാൻ ശ്രമിക്കുന്നവർക്ക് ഒരു കൈയേടായിത്തീരുമെന്ന ഉത്തമവിശ്വാസത്തോടെ ഞങ്ങളിത് വായനക്കാർക്ക് സമർപ്പിക്കുന്നു.

എഡിറ്റർ